E-10 202644

COMMISSIONERATE OF EXCISE
22 FEB 2020
RECEIVED

## കേരള സർക്കാർ

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,
ആഞ്ജനേയ, റ്റി.സി 9/1023(1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം,
തിരുവനന്തപുരം - 10.
ഫോൺ 0471-2720977.

## സർക്കുലർ

വിഷയം :- എസ്.സി.പി.ഡബ്ല്യൂ.ഡി-ഭിന്നശേഷിക്കാരെ അഭിസംബോധന ചെയ്യുമ്പോൾ ഇംഗ്ലീഷിൽ "Persons with Disabilities" എന്നും ഹിന്ദിയിൽ "Divyangjan" എന്നും മലയാളത്തിൽ "ഭിന്നശേഷിക്കാർ" എന്നും ഉപയോഗിക്കേണ്ടതും 'disabled/vikalang' തുടങ്ങിയ പദപ്രയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതും - സംബന്ധിച്ച്.

---

നം.338/എസ്2/20/എസ്.സി.പി.ഡബ്ല്യൂ.ഡി തീയതി, തിരുവനന്തപുരം,04.02.2020.

---

പരാമർശം : - 1. 2016 - ലെ Rights of Persons with Disabilities Act.
2. കേന്ദ്രസർക്കാരിന്റെ 05.07.2018 തീയതിയിലെ 39-05/2018-DD-III -ാം നമ്പർ കത്ത്.

ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശ നിയമം 2016 ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ ബഹുമാനം നൽകേണ്ടതിന്റെയും ടി വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റേയും ആവശ്യകതയ്ക്ക് മുൻതൂക്കം നൽകുന്നു. ഭിന്നശേഷിക്കാരെ അഭിസംബോധന ചെയ്യുമ്പോൾ അംഗപരിമിതർ/വികലാംഗർ തുടങ്ങിയ പദപ്രയോഗങ്ങൾ പൂർണ്ണമായി ഒഴിവാക്കി ഭിന്നശേഷിക്കാർ എന്ന് ഉപയോഗിക്കേണ്ടതാണെന്നും അംഗപരിമിതർ/വികലാംഗർ തുടങ്ങിയ പദപ്രയോഗങ്ങൾ നടത്തുന്നത് സൂചന (1) ലെ ആക്ടിൽ വിഭാവന ചെയ്യുന്ന അവകാശങ്ങളുടെ ലംഘനമാണെന്നും കമ്മീഷണറേറ്റ് വീക്ഷിക്കുന്നു. ടി വിഭാഗക്കാർക്കുള്ള 'Paper presentation. documents, 'schemes & programmes' എന്നിവയിൽ ഇപ്പോഴും "വികലാംഗർ" എന്ന പദപ്രയോഗം ഉപയോഗിക്കുന്നതായി കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ടി വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി document/web

material/ brochure/ scheme/ programme/ communication തുടങ്ങിയ എല്ലാവിധ രേഖകളിൽ നിന്നും 'അംഗപരിമിതർ/Handicaped/Disabled' എന്ന വാക്ക് പൂർണ്ണമായും നീക്കം ചെയ്യേണ്ടതും പകരം "ഭിന്നശേഷിക്കാർ/specially abled/PWD" എന്നീ പദപ്രയോഗം നടത്തേണ്ടതാണെന്നും പരാമർശം (2) ൽ വ്യക്തമാക്കുന്നു.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ എല്ലാ വകുപ്പ് മേധാവികളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്നും എല്ലാവിധ ഓഫീസ് രേഖകളിലും ടി വിഭാഗക്കാരെ അഭിസംബോധന ചെയ്യുമ്പോൾ "ഭിന്നശേഷിക്കാർ" എന്ന പദപ്രയോഗം മാത്രമേ ഉപയോഗിക്കാവൂ എന്നും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ നിർദ്ദേശിക്കുന്നു.

ഡോ. ഹരികുമാർ. ജി

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ആന്റ്
ഗവ: സെക്രട്ടറി (എക്സ്-ഒഫിഷ്യോ)

എല്ലാ വകുപ്പ് തലവന്മാർക്കും കമ്മീഷണർ എക്സൈസ് വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ എന്നിവ വഴി വേണ്ട പ്രചാരണത്തിന്)
സെക്രട്ടറി, സാമൂഹ്യനീതി (ഡി) വകുപ്പ്,ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി